പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത **07.08.2017-ൽ മറുപടിക്ക്**

ചോദ്യം നം: 152

പട്ടയഭൂമിയിലെ അനധികൃത മരംമുറി കേസ്സ്

ചോദ്യം	**മറുപടി**
ശ്രീ.അനിൽ അക്കര	**പിണറായി വിജയൻ (മുഖ്യമന്ത്രി)**
(എ) തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി പോലീസ് സ്റ്റേഷനിൽ പട്ടയഭൂമിയിലെ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് നടപടിയെടുത്തതിന്, സ്ഥലം ഉടമ ഭീഷണിപ്പെടുത്തിയത് സംബന്ധിച്ച് പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷനിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ വിനയരാജ്.എം.വി. നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;	(എ) തൃശ്ശൂർ റൂറൽ ജില്ലയിലെ എരുമപ്പെട്ടി പോലീസ് സ്റ്റേഷൻ പരിധിയിലെ പട്ടയഭൂമിയിലെ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് നടപടിയെടുത്തതിന് സ്ഥലം ഉടമ പൂങ്കോട് ഫോറസ്റ്റ് സ്റ്റേഷനിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ വിനയരാജിനെ ഭീഷണിപ്പെടുത്തിയ കാര്യത്തിന് ടിയാൻ എരുമപ്പെട്ടി പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിന്മേൽ ബഹുമാനപ്പെട്ട വടക്കാഞ്ചേരി JFCM കോടതിയുടെ അനുമതിയോടുകൂടി കണ്ണൻ എന്നയാൾക്കെതിരെ ക്രൈം നം. 478/17 u/s 189 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.
(ബി) മേൽ പരാതിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?	(ബി) മേൽ പരാതിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ